**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4345** **18-07-2022 - ൽ മറുപടിയ്ക്ക്**

**അക്രെഡിറ്റഡ് ഏജൻസികൾക്കുള്ള ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | അക്രെഡിറ്റഡ് ഏജൻസികളായ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ടെണ്ടറിൽ പങ്കെടുക്കുമ്പോൾ എന്തൊക്കെ ഇളവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ടെണ്ടറിൽ പങ്കെടുത്ത ഇത്തരം ഏജൻസികൾക്ക് പത്ത് ശതമാനം ഇളവ് ലഭിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം അറിയിക്കാമോ? | (എ) | അക്രെഡിറ്റഡ് ഏജൻസികളായ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ടെണ്ടറിൽ ഏർപ്പെടാതെ തന്നെ പ്രവർത്തി ഏറ്റെടുത്തു നടത്താം. ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന നിലയിലും ടെണ്ടറിൽ പങ്കെടുക്കാവുന്നതുമാണ്. ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന നിലയിൽ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ 13.11.1997 ലെ സ.ഉ(കൈ)നം.135/97/സഹ. പ്രകാരമുള്ള 10% പ്രൈസ് പ്രിഫറൻസും സെക്യൂരിറ്റി ഡിപ്പോസിറ്റ്, നിരതദ്രവ്യം എന്നിവ ഒഴിവാക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. എന്നാൽ 19.02.2022 ലെ G.O(Ms)No.6/2022/PWD ഉത്തരവിലെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകാത്ത തരത്തിൽ പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ